**പതിനാലാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം - 2**

<u>2017 മേയ് 18</u>

<u>നമ്പർ</u> : 244

**കൃഷി വകുപ്പുമന്ത്രി ശ്രീ.വി.എസ്.സുനിൽ കുമാർ നോട്ടീസ് നൽകിയ താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.**

"ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുമതി ആവശ്യമാണെന്നിരിക്കെ, കേന്ദ്രസർക്കാരിന്റെ ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൈസൽ കമ്മിറ്റി (GEAC) 2017 മേയ് മാസം 11-ാം തീയതി ജനിതകമാറ്റം വരുത്തിയ കടുകിന്റെ വാണിജ്യാടിസ്ഥാനത്തിനുള്ള ഉത്പാദനത്തിനും കൃഷിക്കും അംഗീകാരം നൽകിയെന്ന വസ്തുത വളരെ ഖേദകരമാണ്. കേന്ദ്ര പരിസ്ഥിതി മന്ത്രിയും കൂടി ഇത് അംഗീകരിക്കുകയാണെങ്കിൽ, ജനിതകമാറ്റം വരുത്തിയ വിളകൾ അതത് സംസ്ഥാനങ്ങളുടെ അംഗീകാരത്തോടുകൂടി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യപ്പെടും. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. ജനിതകമാറ്റം വരുത്തിയ പരുത്തിയ്ക്കും വഴുതനയ്ക്കുമാണ് ഇതുവരെ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നത്. വഴുതനയ്ക്ക് 2009 ൽ നൽകിയ അനുമതി, 2010 ൽ കേന്ദ്ര സർക്കാർ തന്നെ പിൻവലിച്ചതുമാണ്. ജനിതകമാറ്റം വരുത്തിയ ഉത്പന്നങ്ങൾ ആരോഗ്യപരമായി വരുത്താവുന്ന പ്രശ്നങ്ങളെപ്പറ്റി നടത്തിയ പഠനങ്ങൾ സംശയാസ്പദമായതിനാലാണ്, ഇതുവരെ ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന വിളകളിൽ ഈ വിദ്യ വാണിജ്യപരമായി പ്രയോഗിക്കുവാൻ അനുമതി നൽകാതിരുന്നത്. ഇപ്പോൾ ജി.എം.കടുകിന് അംഗീകാരം നൽകുക വഴി കേന്ദ്ര സർക്കാർ

ജനങ്ങളുടെ ആരോഗ്യത്തിലും കൃഷിയുടെ തനിമയിലും കരിനിഴൽ വീഴ്ത്തുകയാണ് ചെയ്യുന്നത്.

ഭക്ഷ്യ എണ്ണയുടെ സ്വയം പര്യാപ്തത എന്ന ഉദ്ദേശ്യലക്ഷ്യം രാജ്യം നിറവേറ്റുവാൻ ശ്രമിക്കുന്ന ഈ അവസരത്തിൽ ആ പേരും പറഞ്ഞ് ജനിതകമാറ്റം വരുത്തിയ കടുകിന്റെ കൃഷിക്ക് അംഗീകാരം നേടാം എന്ന നിഗൂഢലക്ഷ്യത്തോടെയാണ് ചില തത്പരകക്ഷികൾ ശ്രമിക്കുന്നത്. ഏകദേശം 72 ഓളം വിളകളിൽ ജി.എം. പരീക്ഷണം നടന്നുകൊണ്ടിരിക്കുന്നു. ജി.എം.കടുകിന് അംഗീകാരം നേടിക്കഴിഞ്ഞാൽ ഒന്നിനുപിറകെ ഒന്നായി മറ്റു ജി.എം.വിളകളും കൃഷിക്ക് സജ്ജമാക്കാം എന്നാണ് അവരുടെ കണക്കുകൂട്ടൽ. ഈ തീരുമാനം കൃഷിക്കും കൃഷിക്കാർക്കും രാജ്യത്തിനും ഭീഷണിയാണ്. ജനങ്ങളുടെ ഹിതത്തിനെതിരായ ഇത്തരം തീരുമാനങ്ങൾ താഴെപ്പറയുന്ന കാരണങ്ങളാൽ ഭൂഷണമല്ലെന്നു കാണുന്നു.

1. ജനിതകമാറ്റം വരുത്തിയ വിളകൾ (ജി.എം.വിളകൾ) വളരെ കൂടുതൽ വിളവ് തരുമെന്ന് തെളിയിച്ചിട്ടില്ല. ( ഉദാ:ജി.എം.പരുത്തി)
2. ജി.എം.വിളകൾ പുതിയതരം കീടങ്ങളെ ആകർഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കീടബാധകൾ നിയന്ത്രിക്കുന്നതിന് വീര്യം കൂടിയതും ചെലവേറിയതുമായ രാസകീടനാശിനികളും ഇവയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് പുതിയ തരം രാസവളങ്ങളും പ്രയോഗിക്കേണ്ടിവരും എന്നത് ഒരു വസ്തുതയാണ്. ഇത് ഗുരുതരമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും പഠനങ്ങൾ കാണിക്കുന്നു. കൂടാതെ ജി.എം.വിളകളുടെ പ്രതിരോധശേഷി സ്ഥായിയാകണമെന്നില്ല.
3. ജി.എം.വിളകൾ ചെലവേറിയതും അവയുടെ പരിപാലനമുറകൾ ബുദ്ധിമുട്ടേറിയതുമാണ്.

4. ജി.എം.വിളകൾ നാടൻ വിളകളുടെ ജനുസ്സ് നശിപ്പിക്കും.
5. ജനിതകമാറ്റം വരുത്തിയ ഭക്ഷ്യോത്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമല്ല എന്ന കാര്യം പൂർണ്ണമായും ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല.
6. ജി.എം.വിളകൾ കുത്തകകമ്പനികളുടെ കൈവശം എത്തിച്ചേരുമ്പോൾ കർഷകർക്ക് താങ്ങാനാകാത്ത വില നൽകേണ്ടി വരികയും അതിന്റെ ചെലവേറിയ കൃഷിമുറകൾ അവരെ ദുരിതത്തിലാക്കുകയും ചെയ്യും.
7. ജൈവകൃഷി എന്ന ആശയത്തെ നശിപ്പിച്ച്, ആ മേഖലയിൽ ഭാരതത്തിലെ കർഷകർ ഉണ്ടാക്കിയ സൽപ്പേര് കളങ്കപ്പെടുത്തുകയും കയറ്റുമതിയെ ബാധിക്കുകയും ചെയ്യും.
8. ആയുർവേദം പോലുള്ള ചികിത്സാരീതിയിൽ എണ്ണകളുടെ പ്രാധാന്യം വളരെ വലുതാണ്. ജനിതകമാറ്റം വരുത്തിയ എണ്ണകൾ മരുന്നിനായി ഉപയോഗിക്കുമ്പോഴുള്ള ഫലപ്രാപ്തി പ്രവചിക്കുവാൻ സാധ്യമല്ല.
9. 2012 ആഗസ്റ്റ് 9 – ൧൦ തീയതിയിലെ കൃഷി പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ജി.എം. വിളകളുടെ ഫീൽഡ് പരീക്ഷണം പോലും തടയണമെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.
10. ഡോ.എം.എസ്.സ്വാമിനാഥനെപ്പോലുള്ള കൃഷി വിദഗ്ദ്ധർ പോലും ബി.റ്റി.വഴുതനയുടെ മേന്മയെപ്പറ്റി ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.
11. ജി.എം.വിളകളുടെ വരവോടെ, പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് ആക്ട് 2001 അനുസരിച്ച് കർഷകന്റെ വിത്ത് സൂക്ഷിക്കുവാനും ഉപയോഗിക്കുവാനും കൈമാറ്റം ചെയ്യുവാനും വിൽക്കുവാനും ഉള്ള അവകാശം നിഷേധിക്കപ്പെടും.

12. ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളും ജി.എം.വിളകൾക്കെതിരാണ്.

മേൽപ്പറഞ്ഞ ആശങ്കകൾ സംസ്ഥാന മന്ത്രിസഭയുടെ അനുമതിയോടെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതും ജി.എം.വിളകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനും കൃഷിക്കും അനുമതി നൽകുവാനുള്ള GEAC യുടെ തീരുമാനങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ ഒട്ടേറെ എതിർപ്പുണ്ടായിരുന്നിട്ടും ജനിതകമാറ്റം വരുത്തിയ കടുക് വിത്തിന്റെ വാണിജ്യാവശ്യത്തിനുള്ള ഉത്പാദനത്തിനും കൃഷിക്കും അനുമതി നൽകുവാൻ കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി മന്ത്രായലവും മന്ത്രാലയത്തിന്റെ കീഴിലുള്ള ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൈസൽ കമ്മിറ്റിയും എടുത്ത തീരുമാനങ്ങൾ നടപ്പാക്കരുതെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.”

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.